COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE BUDGET SESSION, 1120

Thursday, *the* $\frac{\textit{2nd August 1945}}{\textit{18th Karkadagam 1120}}$

The Council met in the Council Hall, Ernakulam at half past Eleven of the Clock with the Hon'ble the President (Sir George Boag, K. C. I. E., C. S. I.) in the Chair.

Mr. P. Sankara Menon was absent.

QUESTIONS AND ANSWERS

HEALTH CENTRES PROVIDED FOR IN THE BUDGET OF 1120

28. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ഗവമ്മെണ്ട് ഭയവായി മറുപടി പറയുമോ.—

(എ) ൧൯൪൦-ൽ രണ്ട ഹെൽത്ത സെൻറഴ്സ് (Health Centres) തുടങ്ങുവാൻ ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നില്ലേ;

(ബി) ഏതെല്ലാം സ്ഥലങ്ങളിലാണ് ആ രണ്ട ഹെൽത്ത് സെൻറഴ്സ് ഏർപ്പെടുത്തുവാൻ തീർച്ചയാക്കിയിരുന്നതു;

(സി) അതു സ്ഥാപിച്ചു കഴിഞ്ഞുവോ, ഇല്ലെങ്കിൽ;

(ഡി) അതിനെ സംബന്ധിച്ചു വല്ല ഉത്തരവും ഉണ്ടായോ, ഉണ്ടെങ്കിൽ എന്ത്?

മിസ്റ്റർ പറമ്പി ലോനപ്പൻ: (എ) ഉവ്വ്.

(ബി) തൃശ്ശിവപേരൂർ താലൂക്കിൽപെട്ട പനങ്കുറിച്ചിറ എന്ന സ്ഥലത്തും കൊടുങ്ങല്ലൂർ താലൂക്കിൽപെട്ട അഴീക്കോട് എന്ന സ്ഥലത്തുമാണ് ഹെൽത്ത് സെൻറഴ്സ് സ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്നതു.

(സി) സ്ഥാപിക്കുവാൻ ഉത്തരവു ആയിട്ടുണ്ട്.

(ഡി) ഉവ്വ്. ൧൯൪൫ ജൂലായി ൧-൦-൦ന്ന-.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇതു സ്ഥാപിക്കുന്നതിനു ഉത്തരവാകാൻ ഇത്ര താമസം നേരിടുവാനുണ്ടായ കാരണമെന്താണ്?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇതിലേക്ക് ആളുകളെ വെക്കുന്നതിനെക്കുറിച്ചൊക്കെ ആലോചിക്കുന്നതിനു കുറച്ചു സമയം എടുത്തതുകൊണ്ടാണ്.

മിസ്റ്റർ പി. കെ. ഡീവർ: മുമ്പിവിടെയുണ്ടായിരുന്ന ഹെൽത്ത സെൻറഴ്സ് എടുത്തുകളഞ്ഞുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

മിസ്റ്റർ പി. കെ. ഡീവർ: ആ ഹെൽത്ത സെൻറഴ്സുകൊണ്ടു പ്രയോജനമില്ലെന്നു തോന്നിയതുകൊണ്ടല്ലേ അതു എടുത്തുകളഞ്ഞതു?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആശുപത്രികളുടെ അടുത്താണ് അതു സ്ഥാപിച്ചിരുന്നതു. ആശുപത്രിയുടെ അടുത്ത് അതു് ആവശ്യമില്ലെന്നു തോന്നിയതുകൊണ്ടാണ് അതു് എടുത്തുകളഞ്ഞതു്.

മിസ്റ്റർ പി. നാരായണമേനോൻ: എന്നാൽ അതു മറെറ സ്ഥലത്തേക്കു മാറിയാൽ പോരായിരുന്നോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: തൽക്കാലം അതു മാറുവാൻ വിഷമമുണ്ടായിരുന്നതുകൊണ്ടാണ് എടുത്തുകളഞ്ഞതു്.

മിസ്റ്റർ കെ. ടി. അച്യുതൻ: ഇതിലേക്ക് ഉദ്യോഗസ്ഥന്മാരെ നിയമിച്ചുകഴിഞ്ഞുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉവ്വ്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. നാരായണമേനോൻ : എത്ര സെന്റേഴ്സു ഉറക്കുവാൻ പോകുന്നുണ്ട്?

മിസ്റ്റർ പറമ്പി ലോനപ്പൻ : രണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ : മുമ്പു എത്രയുണ്ടായിരുന്നു ?

മിസ്റ്റർ പറമ്പി ലോനപ്പൻ : നാലു്.

മിസ്റ്റർ പി. നാരായണമേനോൻ : ആ നാലെണ്ണം വേണ്ടെന്നുവെച്ചിട്ട എത്ര കൊല്ലം കഴിഞ്ഞു ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഫൻന്റ്-ലാണു് അതു വേണ്ടെന്നു വെച്ചതു് ?

മിസ്റ്റർ പി. നാരായണമേനോൻ : വേണ്ടെന്നുവെച്ച നാലെണ്ണവും തുടങ്ങുവാൻ പോകുന്നുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : രണ്ടെണ്ണം തുടങ്ങുവാൻ പോകുന്നുണ്ടു്. പിന്നീടു വേണമെന്നു തോന്നുകയാണെങ്കിൽ കൂടുതൽ സ്ഥാപിക്കുന്നതിനും വിരോധമില്ല.

മിസ്റ്റർ പി. നാരായണമേനോൻ : നാലെണ്ണം നടത്തിയെന്നു പറഞ്ഞുവല്ലൊ ; അതു കൊണ്ടു് എത്രത്തോളം ഉപകാരമുണ്ടായിരുന്നു ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതുകൊണ്ടു് ഉദ്ദേശിച്ച ഉപകാരമില്ലാതെവന്നതു കൊണ്ടാണു് അതു് എടുത്തുകളഞ്ഞതു്.

മിസ്റ്റർ പി. നാരായണമേനോൻ : ഇനി തുടങ്ങുവാൻ പോകുന്നതുകൊണ്ടു് ഉപകാരമുണ്ടാകുമെന്നു വിശ്വസിക്കാമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതിനു വെച്ചിരുന്ന ഉദ്യോഗസ്ഥന്മാർ അതു ശരിക്കു് ഉപയോഗിക്കാതിരുന്നതുകൊണ്ടാണു് അതു് എടുത്തുകളഞ്ഞതു്.

മിസ്റ്റർ പി. നാരായണമേനോൻ : അതിനു വെച്ചിരുന്ന ഉദ്യോഗസ്ഥന്മാർ അതു ഉപകാരപ്രദമായ രീതിയിൽ നടത്തിയില്ലെങ്കിൽ അവരെ ശിക്ഷിക്കുകയല്ലേ വേണ്ടതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഇതൊക്കെ വളരെ നാളായ കാര്യങ്ങളാണു്. ഇനി അവരെ കണ്ടുപിടിച്ചു ശിക്ഷിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

മിസ്റ്റർ പി. നാരായണമേനോൻ : ഇനി വേണ്ടവിധത്തിൽ അതു് ഉപയോഗിക്കുവാനുള്ള സ്കീമോടുകൂടിയാണോ തുടങ്ങുന്നതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതെ.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ : ഹെൽത്തു സെന്റേഴ്സു് ഉപകാരപ്രദമായ നിലയിൽ ഉപയോഗിക്കേണ്ടതു് അതിലെ ഉദ്യോഗസ്ഥന്മാരൊ, ജനങ്ങളൊ, ഗവമ്മേണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഗവമ്മെണ്ടാണു്.

മിസ്റ്റർ പി. കെ. ഡീവർ : എന്തുപയോഗമാണു് ഹെൽത്തു സെന്റേഴ്സുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ശർണികർമ്മം വേണ്ട ഉപദേശം കൊടുക്കുക, കുട്ടികളെ പരിപാലിക്കേണ്ട രീതികളെക്കുറിച്ചു പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക മുതലായവയാണു്.

മിസ്റ്റർ പി. കെ. ഡീവർ : ഗർണികർമ്മം സെന്റേഴ്സിൽ വന്നാൽ ഉപദേശം കൊടുക്കുകയൊ അല്ലെങ്കിൽ സെന്റേഴ്സിലെ ഉദ്യോഗസ്ഥന്മാർ ഗർണികളുടെ വീട്ടിൽ പോയി ഉപദേശം കൊടുക്കുകയൊ ചെയ്യുന്നതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : വന്നാലും ഉപദേശിക്കാവുണ്ടു്. ഗർണികളുടെ വീട്ടിൽ പോയും ഉപദേശിക്കാവുണ്ടു്.

മിസ്റ്റർ പി. കെ. ഡീവർ : ആരാണു് ഉപദേശിക്കുന്നതു് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഹെൽത്തു വിസിറ്റേഴ്സു്.

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ : ലേഡി ഡോക്ടേഴ്സു പോയി പറഞ്ഞുകൊടുക്കാവുണ്ടൊ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ലേഡി ഡോക്ടേഴ്സും പറഞ്ഞുകൊടുക്കും.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പി. കെ. ഡീവർ : ഹെൽത്ത് വിസിറേഴ്സിനെക്കൊണ്ട് പ്രയോജനമില്ലാതെവന്നതുകൊണ്ടല്ലെ അത് നിർത്തൽചെയ്തത് അതിനു പകരം ധാരാളം റൂറൽ മിഡ്വൈവ്സിനെ നിയമിക്കുവാൻ തീരുമാനിച്ചിരിയ്ക്കുന്നു ?

മിസ്റ്റർ പറമ്പി ലോനപ്പൻ : മിഡ്വൈവ്സിനെ ഇനിയും ധാരാളം നിയമിക്കുന്നതാണ്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ : ഹെൽത്ത് വിസിറേഴ്സ് വാസ്തവത്തിൽ വിസിറ്റ് ചെയ്യാറുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : ഉവ്വ്.

മിസ്റ്റർ പുതൂർ അച്യുതമേനോൻ : ശരിയായ പരിശോധനക്കു ശേഷമാണോ ഇതു പറയുന്നത് ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതെ.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : അവർ വിസിറ്റ് ചെയ്യുന്ന വിവരത്തിനു വല്ല റിപ്പോർട്ടും സബ്മിറ്റ് ചെയ്യാറുണ്ടോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : Director of Public Health-നു റിപ്പോർട്ട് സബ്മിറ്റ് ചെയ്യാറുണ്ട്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ : സ്കീമനുസരിച്ചാണ് രണ്ടെണ്ണം തുടങ്ങിയതെന്നു ഇവിടെ പറയുകയുണ്ടായി. ആ സ്കീമിന്റെ ചുരുക്കവിവരണം ഇവിടെ പറയുവാൻ തരമുണ്ടാകുമോ ?

മിസ്റ്റർ പറമ്പി ലോനപ്പൻ : അതു ഞാനിവിടെ വായിക്കാം.

മിസ്റ്റർ പറമ്പി ലോനപ്പൻ : അതനുസരിച്ചുള്ളതാണ് സ്കീം.

Mr. P. Kumaran Ezhuthassan *(Vadakkancheri):* I have studied the other report. What is the scheme of the Cochin Government ?

Mr. President : The Hon'ble Minister had better ask for notice if he is not ready with the answer,

Mr. Parambi Lonappen *(Minister for Rural Development):* This could be read. There is no harm in reading it.

Mr. P. Kumaran Ezhuthassan *(Vadakkancheri):* My question is, what is the scheme of the Cochin Government with regard to the health centres, if there is any, it may kindly be divulged if it is divulgable.

Mr. Parambi Lonappen *(Minister for Rural Development):* With regard to the health centres, the scheme of the Government is to start health centres with a view to have an educative value.

Mr. P. Kumaran Ezhuthassan *(Vadakkancheri):* How many centres are proposed to start under this scheme ?

Mr. Parambi Lonappen *(Minister for Rural Development):* Only 2 at present.

Mr. P. Kumaran Ezhuthassan *(Vadakkancheri):* As now constituted is it the opinion of the Government that only 2 centres are necessary ?

Mr. Parambi Lonappen *(Minister for Rural Developmet):* If it is found useful more will be started.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇപ്പോൾ തുടങ്ങിട്ടുള്ളതു വെറും എക്സ്പെരിമെന്റലായിട്ടു മാത്രമാണോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതെ.

മിസ്റ്റർ പി. കെ. ഡീവർ: ഹെൽത്തുസെന്റേഴ്സ് എടുത്തുകളഞ്ഞു അതിനുപകരം മിഡ്വൈവ്സിനെ നിയമിക്കുകയാണു കൂടുതൽ പ്രയോജനകരമായിരിക്കുകയെന്നു ഡാക്ടർ എ. ആർ. മേനോൻ മന്ത്രിയായിരുന്ന കാലത്തു പറഞ്ഞിട്ടില്ലെ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഇപ്പോഴും മിഡ്വൈവ്സിനെ വെക്കുന്നുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: ഹെൽത്തുസെന്റേഴ്സ് എടുത്തുകളഞ്ഞ് ഓരോ സ്ഥലത്തും മിഡ്വൈവ്സിനെ നിയമിക്കുകയാണു ജനങ്ങൾക്കു ഉപകാരമായിരിക്കുകയെന്ന നയം ഡാക്ടർ എ. ആർ. മേനോൻ മന്ത്രിയായിരിക്കുന്നകാലത്തു ഗവൺമെന്റു സമ്മതിച്ചിട്ടില്ലെ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പിലോനപ്പൻ: അതനുസരിച്ച് അതെടുത്തുകളഞ്ഞു കൂടുതൽ മിഡ്വൈവ്സിനെ നിയമിച്ചിട്ടുണ്ട്.

മിസ്റ്റർ പി. കെ. ഡീവർ: ഹെൽത്തുസെന്ററഴ്സ് അബോളിഷ് ചെയ്യണമെന്നു നയം ഗവണ്മെന്റു സ്വീകരിച്ചിട്ടില്ലെ?

മിസ്റ്റർ പറമ്പിലോനപ്പൻ: അതനുസരിച്ച് മുമ്പുണ്ടായിരുന്ന സെന്ററഴ്സ് അബോളിഷ് ചെയ്തിട്ടുണ്ട്

മിസ്റ്റർ പി. നാരായണമേനോൻ: ആദ്യത്തെ ഹെൽത്തുസെന്ററഴ്സ് തുടങ്ങിയ സ്കീമും ഇപ്പോഴത്തെ ഹെൽത്തുസെന്ററഴ്സിന്റെ സ്കീമും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ: സ്കീമിനു വ്യത്യാസമില്ല. ആദ്യം തുടങ്ങിയതു ആശുപത്രിയുടെ അടുത്തായിരുന്നതുകൊണ്ട് ഇതുകൊണ്ടു വലിയ ഉപയോഗമില്ലാതെവന്നു. ആശുപത്രിയുടെ അടുത്തു് ഹെൽത്തുസെന്ററഴ്സ് വെച്ചതുകൊണ്ട് അതു രണ്ടും റൈവൽസായിപ്പോയി. അതുകൊണ്ടാണ് ആശുപത്രിയുടെ അടുത്തുണ്ടായിരുന്ന സെന്ററഴ്സ് എടുത്തുകളഞ്ഞതു്.

മിസിസ്സ് ടി. ഫ്രാൻസിസ്സ്: ആശുപത്രിയും ഹെൽത്തു സെന്ററും തമ്മിൽ യോജിച്ചുജോലി ചെയ്യേണ്ടതല്ലെ?

മിസ്റ്റർ പറമ്പിലോനപ്പൻ: അതുരണ്ടും റൈവൽസായിപ്പോയി.

മിസ്റ്റർ പി. നാരായണമേനോൻ: ഈ രണ്ടിന്റേയും സ്കീമൊന്നുതന്നെയാണൊ? അല്ലെങ്കിൽ രണ്ടിനും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ: രണ്ടു സ്കീമും ഏകദേശം ഒന്നാണ്. സ്വല്പവ്യത്യാസമേയുള്ളു.

മിസ്റ്റർ പി. നാരായണമേനോൻ: സ്വല്പവ്യത്യാസം മാത്രമേയുള്ളൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: അതെ.

മിസ്റ്റർ പി. നാരായണമേനോൻ: സ്വല്പം വ്യത്യാസമെയുണ്ടായിരുന്നുള്ളുവെങ്കിൽ അതു മാറിയാൽ പോരെ?

മിസ്റ്റർ പറമ്പിലോനപ്പൻ: അതിനുമറുപടി പറഞ്ഞുകഴിഞ്ഞു.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഇപ്പോൾ തുടങ്ങിട്ടുള്ളതു് രണ്ടും ആശുപത്രിയുടെ അടുത്താണൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: അല്ല. രണ്ടു മുന്നു മൈൽ അകലെയാണു് സ്ഥാപിച്ചിട്ടുള്ളതു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതു് കുറെക്കൂടി ഗ്രാമീണഭാഗങ്ങളിലേക്കു് മാറ്റി സ്ഥാപിക്കുവാൻ ഗവണ്മെന്റിനു വിരോധമുണ്ടോ?

മിസ്റ്റർ പറമ്പിലോനപ്പൻ: പുതിയതായി തുറക്കുമ്പോൾ അതിനെപ്പറ്റി ആലോചിക്കുന്നതാണു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഹെൽത്തു സെന്ററഴ്സ് നിർത്തൽ ചെയ്യണമെന്നുള്ളതു് ഗവണ്മെന്റു ഒരു നയമായി സ്വീകരിച്ചിട്ടുണ്ടൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഒരു നയമായി സ്വീകരിച്ചിട്ടില്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഹെൽത്തുസെന്ററും ആശുപത്രിയും റൈവൽസായിരുന്നു എന്നു പറഞ്ഞുവല്ലൊ. ആകാരണം കൊണ്ടാണൊ അതു നിർത്തിക്കളഞ്ഞതു്?

മിസ്റ്റർ പറമ്പിലോനപ്പൻ: അതാണു് ഒരു പ്രധാനകാരണം.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: മറ്റൊരു അപ്രധാനകാരണമെന്താണെന്നു പറയാമൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: അതു ഉപയോഗകരമാക്കുവാൻ വേണ്ട ശ്രമം ചെയ്തിരുന്നില്ല എന്നുള്ളതാണു്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: അതു ഉപയോഗകരമാക്കാമെന്നു തീരുമാനിയതു് ബ്രിട്ടീഷിൻഡ്യയിലെ കോൺഫറൻസിനു ശേഷമാണൊ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ പറമ്പിലോനപ്പൻ: ഉപയോഗകരമാക്കാമെന്നു ഗവണ്മെൻറിനു ബോദ്ധ്യമുണ്ട്.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഏകെ"സ്റ്റർട്ടുമാർ ഉപദേശിച്ചപ്പോഴാണൊ ഗവണ്മെൻറിനു ബോദ്ധ്യപ്പെട്ടതു"?

മിസ്റ്റർ പറമ്പിലോനപ്പൻ: നോട്ടീസുവേണം.

മിസ്റ്റർ പി. നാരായണമേനോൻ: ഇതുകൊണ്ടു ഉപകാരമില്ലായെന്നു ഗവണ്മെൻറിനു മനസ്സിലായതു വല്ലവരും പറഞ്ഞിട്ടാണൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: ഗവണ്മെൻറിനു അനുഭവത്തിൽനിന്നു മനസ്സിലായതാണു".

മിസ്റ്റർ പി. കുമാരനെഴത്തച്ഛൻ: ഹെൽത്തുസെൻറ"സു" ആശുപത്രികളും തമ്മിൽവളരെ വ്യത്യാസമൊന്നുമില്ലെന്നു പറയാമൊ?

മിസ്റ്റർ പറമ്പിലോനപ്പൻ: വളരെ വ്യത്യാസമുണ്ടു".

COTTAGE INDUSTRIES STARTED AND ENCOURAGED BY GOVERNMENT

29. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) what are the cottage industries that the Government have started;

(*b*) what cottage industries are being encouraged by them and what are the ways in which such encouragement is given ?

Mr. Parambi Lonappen *(Minister for Rural Development):* (*a*) The cottage industries that have been started departmentally by the Government are the following.—

1. Lace, Garland and cap-making.
2. Manufacture of slates and photo frames.
3. Manufacture of tooth-powder.
4. Brush making.
5. Hand-made paper making.
6. Oil pressing by improved "chuck".
7. Dyeing and Printing.
8. Handloom weaving.
9. Making of reed mats, screwpine mats, bamboo mats, baskets, etc.

(*b*) Government give encouragement to all cottage industries which in their opinion require encouragement. Some of the ways in which such encouragement is given, are mentioned below.—

1. By organising cottage industries departmentally and working them under the direct charge of supervisors or experts appointed for the purpose by the Government.
2. By encouraging the formation of Industrial Co-operative Societies and appointing paid Secretaries to them whenever necessary.
3. By giving free grants and subsidies on production basis.
4. By giving loans at low rates of interest and on easy re-payment system.
5. By finding out good markets for the products and supplying the necessary raw materials for production.
6. By lending buildings, equipments, etc.

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: ഈ ഡിപ്പാർട്ട്മെൻറലായിട്ടു ചില വ്യവസായങ്ങൾ ഗവണ്മെണ്ടു" നടത്തുന്നതായി ഇതിൽ പറഞ്ഞിട്ടുണ്ടു". അതു എന്തുദ്ദേശത്തോടുകൂടിയാണു" നടത്തുന്നതു"; ലാഭത്തെ ഉദ്ദേശിച്ചോ അല്ലെങ്കിൽ ആളുകൾക്കു" പഠിക്കുവാൻ വേണ്ടിയോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആളുകൾക്കു" ട്രെയിനിംഗ" കൊടുക്കുന്നതിനും വ്യവസായത്തിൽ encouragement ഉണ്ടാക്കാനുമാണു".

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: ലാഭേച്ഛതമില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഇപ്പോഴത്തെ അറിവു അതുകൊണ്ടു" നഷ്ടമില്ലെന്നാണു".

മിസ്റ്റർ വി. ആർ. കൃഷ്ണനെഴത്തച്ഛൻ: അപ്പോൾ അതൊരു സ്കൂളാണെന്നു വിചാരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly